**പതിമൂന്നാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2607 27.01.2014-ൽ മറുപടിക്ക്**

**നെടുംകണ്ടം താലൂക്ക് ആശുപത്രിയിൽ ഡോക്ടർമാരുടെ നിയമനം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.കെ.ജയചന്ദ്രൻ** | **ശ്രീ.വി.എസ്.ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

(എ) നെടുംകണ്ടം താലൂക്ക് ആശുപത്രിയിൽ വിവിധ വിഭാഗങ്ങളിലായി എത്ര ഡോക്ടർമാരുടെ തസ്തികകളാണ് ഉള്ളത്; വിഭാഗം തിരിച്ച് വിശദാംശം ലഭ്യമാക്കാമോ;

(എ) നെടുംകണ്ടം താലൂക്ക് ആശുപത്രിയിൽ താഴെ കാണുന്ന തസ്തികകൾ നിലവിലുണ്ട്.

| | |
|---|---|
| മെഡിസിൻ | ജൂനിയർ കൺസൾട്ടന്റ് - 2 |
| സർജറി | ജൂനിയർ കൺസൾട്ടന്റ് - 2 |
| ഗൈനക്കോളജി | കൺസൾട്ടന്റ് - 1 |
| | ജൂനിയർ കൺസൾട്ടന്റ് - 1 |
| അനസ്തേഷ്യ | ജൂനിയർ കൺസൾട്ടന്റ് - 1 |
| പീഡിയാട്രിക്സ് | കൺസൾട്ടന്റ് - 1 |
| | ജൂനിയർ കൺസൾട്ടന്റ് - 1 |
| ഒഫ്താൽമോളജി | ജൂനിയർ കൺസൾട്ടന്റ് - 1 |
| ഇ.എൻ.റ്റി | ജൂനിയർ കൺസൾട്ടന്റ് - 1 |
| ഓർത്തോ | ജൂനിയർ കൺസൾട്ടന്റ് - 1 |
| ഡർമ്മറ്റോളജി | ജൂനിയർ കൺസൾട്ടന്റ് - 1 |
| സൂപ്രണ്ട് | 1 |
| അസിസ്റ്റന്റ് സർജൻ | 2 |

(ബി) നിലവിൽ ഓരോ വിഭാഗങ്ങളിലും എത്ര പേർ ജോലി ചെയ്യുന്നു; എത്ര പേർ വർക്കിംഗ് അറേഞ്ച്മെന്റിൽ മറ്റു സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നു; എത്ര പേരുടെ ഒഴിവുകൾ ഉണ്ട്; ഇവ സംബന്ധിച്ച വിശദവിവരം വിഭാഗം തിരിച്ച് നൽകാമോ;

(ബി) നിലവിൽ നെടുംകണ്ടം താലൂക്കാശുപത്രിയിൽ രണ്ട് അസിസ്റ്റന്റ് സർജൻമാരുടെ അനുവദിച്ച തസ്തികയിൽ രണ്ട് പേരെ നിയമിച്ചിട്ടുണ്ട്. കൂടാതെ അഡ്ഹോക്ക് പോസ്റ്റിംഗിൽ 3 പേരെയും, എൻ.ആർ.എച്ച്.എം വഴി ഒരു ഡോക്ടറേയും നിയമിച്ചിട്ടുണ്ട്.

ഒഴിവുകൾ സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു.

വർക്കിംഗ് അറേഞ്ച്മെന്റിൽ 2 പേർ മറ്റു സ്ഥാപനങ്ങളിൽ ജോലി ചെയ്തു വരുന്നു.

കൂടാതെ അസിസ്റ്റന്റ് സർജന്റെ തസ്തികയിൽ 2 പേരും, അഡ്ഹോക്ക് പോസ്റ്റിംഗിൽ 3 പേരെയും,

എൻ.ആർ.എച്ച്.എം വഴി ഒരു ഡോക്ടറേയും നിയമിച്ചിട്ടുണ്ട്. എൻ.ആർ.എച്ച്.എം വഴി നിയമിച്ച ഡോക്ടർ ഗൈനക്കോളജി വിഭാഗം കൈകാര്യം ചെയ്യുന്നുണ്ട്.

(സി) പ്രസ്തുത ആശുപത്രിയിൽ അനസ്തറ്റിസ്റ്റ്, ശിശുരോഗ വിദഗ്ധൻ എന്നിവരുടെ തസ്തികകളിൽ അടിയന്തിരമായി നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) പി.ജി യോഗ്യതയുള്ള അസിസ്റ്റന്റ് സർജന്മാർക്ക് സ്പെഷ്യാലിറ്റി കേഡർ സമ്പ്രദായത്തിൽ നിയമനം നൽകുന്ന സമയത്ത് തസ്തികകൾ നികത്തുവാൻ വേണ്ട നടപടികൾ കൈക്കൊള്ളുന്നതാണ്.

(ഡി) വർക്കിംഗ് അറേഞ്ച്മെന്റിൽ മറ്റു ആരോഗ്യ കേന്ദ്രങ്ങളിൽ ജോലി ചെയ്തു വരുന്ന പ്രസ്തുത ആശുപത്രിയിലെ ഡോക്ടർമാരെ തിരികെ എത്തിക്കുന്നതിനോ അല്ലെങ്കിൽ പുതിയ ഡോക്ടർമാരെ നിയമിക്കുന്നതിനോ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

(ഡി) നിലവിൽ ഒഴിഞ്ഞു കിടക്കുന്ന ഡോക്ടർമാരുടെ തസ്തികകളിലേക്ക് 3 പേരെ കരാർ അടിസ്ഥാനത്തിലും ഒരാളെ എൻ.ആർ.എച്ച്.എം വഴിയും നിയമിച്ചിട്ടുണ്ട്. കൂടാതെ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതിന് വേണ്ടി പി.ജി യോഗ്യതയുള്ള അസിസ്റ്റന്റ് സർജന്മാരിൽ നിന്നും ഓപ്ഷൻ സ്വീകരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്പെഷ്യാലിറ്റി കേഡറിലെ സീനിയോരിറ്റി ലിസ്റ്റ് തയ്യാറാക്കി ടി ഒഴിവുകൾ നികത്തുന്നതിന് വേണ്ട നടപടികൾ പുരോഗമിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ